RECEIVED
14 DEC 2022
DIRECTORATE OF SURVEY AND LAND RECORDS THIRUVANANTHAPURAM
150 YEARS OF CELEBRATING THE MAHATMA

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഡിജിറ്റൽ ലാൻഡ് സർവ്വെ പദ്ധതിയ്ക്ക് ചെലവാകുന്ന തുക മുൻകൂറായി സർക്കാർ വഹിക്കുന്നതിനു - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.5036/2022/RD തീയതി,തിരുവനന്തപുരം, 12-12-2022

---

പരാമർശം:- 1. 18/08/2021 ലെ സ.ഉ. (കൈ)നം.24/2021/പ്ലാനിംഗ്

2. സർവ്വെ ഡയറക്ടറുടെ 09/11/2022 ലെ DSLR/259/2022-B1 നമ്പർ കത്ത്.

(3) 21.11.2022 ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR-13006/2022-LR(B3) നമ്പർ കത്ത്.

B1

**ഉത്തരവ്**

സംസ്ഥാനത്ത് 1550 വില്ലേജുകളിൽ 4 ഘട്ടങ്ങളിലായി ഡിജിറ്റൽ സർവ്വെ നടത്തുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിരുന്നു. 1961 ലെ കേരള സർവ്വെ അതിരടയാള നിയമം സെക്ഷൻ 7 പ്രകാരം സർക്കാരിന്റെ മുന്നനുവാദത്തോടെ കൂടി സർവ്വെ പ്രവർത്തനങ്ങൾക്കായി ചെലവാകുന്ന തുക ആദ്യം സർക്കാർ വഹിക്കാവുന്നതാണെന്നും റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ ശേഷം വില്ലേജ് ഓഫീസുകൾ മുഖേന കരം അടയ്ക്കുന്നതോടൊപ്പം ടി തുക ഭൂവുടമസ്ഥരിൽ നിന്നും ഈടാക്കാവുന്നതാണന്നും വ്യവസ്ഥ ചെയ്യുന്നുണ്ടെന്നും ആയതിനാൽ 1961 ലെ കേരള സർവ്വെ അതിരടയാള നിയമം സെക്ഷൻ 7 പ്രകാരം ഡിജിറ്റൽ സർവ്വെ പ്രവർത്തനങ്ങളുടെ ചെലവ് ആദ്യം സർക്കാർ വഹിക്കുന്നതിനും തുടർന്ന് ടി തുക ഭൂവുടമസ്ഥരിൽ നിന്നും ഈടാക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സർവ്വെ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ഡിജിറ്റൽ സർവ്വേ ആധുനിക റീസർവ്വേയുടെ ഭാഗമായതിനാൽ സർവ്വേ ഡയറക്ടറുടെ ശുപാർശ അംഗീകരിക്കാവുന്നതാണെന്നു പരാമർശം (3 )പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തു ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പദ്ധതിയുമായി ബന്ധപെട്ടു വില്ലേജുകളുടെ സർവ്വേ നടപടികൾ നിർവഹിക്കുന്നതിന് ചെലവാകുന്ന തുക മുൻകൂറായി വഹിക്കുന്നതിനും തുടർന്ന് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ ശേഷം വില്ലേജ് ഓഫീസുകൾ മുഖേന കരം അടയ്ക്കുന്നതോടൊപ്പം ടി തുക ഭൂവുടമസ്ഥരിൽ നിന്നും കുടിശ്ശിക തുകയായി ഈടാക്കുന്നതിനും സർവ്വെ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANILKUMAR K
ഡെപ്യൂട്ടിസെക്രട്ടറി

സർവ്വെ ഡയറക്ടർ, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Joshy.k.l**
**Date: 12-12-2022 15:02:32**
സെക്ഷൻ ഓഫീസർ